പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.529 | 29 -06 -2011 - ല് മറുപടിയ്ക്ക് |

## ഒറ്റപ്പാലം താലൂക്ക് ആശുപത്രി വികസനത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. അടൂര് പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 01.06.2010 മുതല് 31.03.2011 വരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ; | (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ബ്ലോക്കിന്റെ അഞ്ചുനില കെട്ടിടം പണി പൂര്ത്തീകരിച്ചു. |
| (ബി) | പ്രസ്തുത വികസന പ്രവര്ത്തനങ്ങള്ക്ക് എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | വികസന പ്രവര്ത്തനങ്ങള്ക്കായി 50 കോടി 46 ലക്ഷം രൂപ ചെലവഴിച്ചു. വിശദാംശം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്. |
| (സി) | 2006 - 2010 കാലയളവില് ഒറ്റപ്പാലം മണ്ഡലത്തിലെ എത്ര പി.എച്ച്.സി.കള് സി.എച്ച്.സി.കളായി ഉയര്ത്തുകയുണ്ടായി; വിശദാംശങ്ങള് ലഭ്യമാക്കുമോ ; | (സി) | 06.11.2008 ലെ സ.ഉ.(കൈ)നം.568/2008/ആ.കു.വ. ഉത്തരവുപ്രകാരം ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയര്ത്തിയിട്ടുണ്ട്. |
| (ഡി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയില് ഓങ്കോളജിസ്റ്റ്, ഡയബറ്റോളജിസ്റ്റ് എന്നീ തസ്തിക നിലവിലുണ്ടോ ; എങ്കില് പ്രസ്തുത തസ്തികകളില് ഡോക്ടറെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കില് തസ്തിക അനുവദിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | പ്രസ്തുത തസ്തികകള് നിലവിലില്ല. തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷന് ഓഫീസര്.